LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

2011 ഫെബ്രുവരി 7, തിങ്കൾ

വാല്യം 145] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2011 ഫെബ്രുവരി മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *1-ഉം *26-ഉം ക്ലബ്ബ് ചെയ്യുകയാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണപദ്ധതി

1 (*1 & *26) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളുടെ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദമാക്കുമോ ;

(ഇ) അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്തുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള) : സർ,

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികളും പോർട്ട് ഓപ്പറേറ്ററെ കണ്ടെത്താനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(ബി) പാരിസ്ഥിതികാനുമതിക്കായി പഠനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള പരിസ്ഥിതി കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ക്ലിയറൻസിന്റെ ആദ്യഘട്ടമായ Form No.1 & ToR അംഗീകരിച്ചിട്ടുണ്ട്. പഠനം പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ അന്തിമ അംഗീകാരം ലഭിക്കുന്നതാണ്.

(സി) അടിസ്ഥാന സാകര്യങ്ങളിലൊന്നായ റോഡ് നിർമ്മാണം പുരോഗമിക്കുന്നു. റെയിൽ, ശുദ്ധജലം, വൈദ്യുതി എന്നിവയ്ക്കായുള്ള ചർച്ചകൾ നടന്നുവരുന്നു. ഇത് നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കും.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ലഭ്യമാക്കുന്നതിന് എസ്.ബി.റ്റി.-യുടെ നേതൃത്വത്തിലുള്ള ബാങ്കുകളുടെ കൺസോർഷ്യവുമായുള്ള ചർച്ച നടന്നുവരുന്നു.

(ഇ) തുറമുഖത്തേക്കുള്ള റെയിൽ പാതയ്ക്ക് റെയിൽവേയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചു. റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലും ഡി.പി.ആർ. തയ്യാറാക്കലും അന്തിമ ഘട്ടത്തിലാണ്. തുറമുഖത്തേക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ വാട്ടർ അതോറിറ്റി വഴിയും വൈദ്യുതി എത്തിക്കുന്ന നടപടികൾ വൈദ്യുതി ബോർഡ് വഴിയും നടപ്പിലാക്കിവരുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതി

2 (*26) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എം. മുരളി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ പങ്കാളികളാവാൻ ഇതുവരെ എത്ര കമ്പനികളാണ് യോഗ്യതാപത്രം നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ വിദേശ പങ്കാളിത്തമോ പൂർണ്ണമായും വിദേശമായുള്ളതുമായ എത്ര കമ്പനികളുണ്ടായിരുന്നു; അവയുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) യോഗ്യതാപത്രം നൽകിയിരുന്ന എല്ലാ കമ്പനികൾക്കും കേന്ദ്രത്തിൽനിന്നും സുരക്ഷാ അനുമതി നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly